**മഹാത്മാഗാന്ധി സർവകലാശാല**
പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം, കേരളം – 686 560
(കേരള സംസ്ഥാന നിയമസഭയുടെ 1985 ഏപ്രിൽ 17ലെ 3431/ലെജി. സി1/85/നിയമം നമ്പർ വിജ്ഞാപനപ്രകാരം സ്ഥാപിതമായത്)

130900/AD A7-3/2021/REG SECT
02.09.2023

# പുനർവിജ്ഞാപനം

സൂചന : വിജ്ഞാപനം നം.130900/ADA7-3/2021/REG SECT, തീയതി 06.06.2023.

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സെന്റർ ഫോർ ഓൺലൈൻ എഡ്യൂക്കേഷൻ(COE)-ലേക്ക് താഴെപ്പറയുന്ന താത്ക്കാലിക തസ്തികയിൽ കരാറടിസ്ഥാനത്തിൽ നിയോഗിക്കപ്പെടുന്നതിനു യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു.

**തസ്തിക : ഡെപ്യൂട്ടി ഡയറക്ടർ (e-Learning and Technical) - (COE )**

**ഒഴിവ്** : ഒന്ന് ( പൊതു വിഭാഗം)

**കരാർ കാലാവധി:** പ്രാരംഭത്തിൽ ഒരു വർഷവും പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ മൂന്ന് വർഷം വരെ ദീർഘിപ്പിക്കാവുന്നതുമാണ്

**യോഗ്യത** : As per UGC ODL/OL Regulation 2020. i.e.,
(1).Qualification and Experience as specified for Associate Professor under the UGC Regulations, 2018.
(2).E-learning expertise with experience in technical coordination for module development and Learning Management System (LMS).

**വേതനം**:- പ്രതിമാസം 60,000/-രൂപ സഞ്ചിത നിരക്കിൽ.

**പ്രായപരിധി** : 01.01.2023 ൽ 65 വയസ് കവിയരുത്.

താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ വിജ്ഞാപനത്തോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന നിശ്ചിത അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് **coe@mgu.ac.in** എന്ന ഇ-മെയിൽ വിലാസത്തിലേക്ക് വിജ്ഞാപന തീയതി മുതൽ 15 ദിവസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. **Application for the Post of Deputy Director (e-Learning and Technical), COE - on contract** എന്ന സബ്ജക്ട് ഹെഡ് കൊടുത്തായിരിക്കണം ഇ - മെയിലിൽ അപേക്ഷ സമർപ്പിക്കേണ്ടത്.



Draft #21 of File 130900/AD A7-3/2021/REG SECT (PART-I) Approved by Registrar on 02-Sep-2023 08:41 PM - Page 1
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

അപേക്ഷയ്ക്കൊപ്പം പ്രായം, എസ്എസ്എൽസി, വിദ്യാഭ്യാസ യോഗ്യത (പി ജി കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് & ഡിഗ്രി സർട്ടിഫിക്കറ്റുകൾ) പ്രവൃത്തിപരിചയം, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് , നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് , അധിക യോഗ്യത എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി സമർപ്പിക്കേണ്ടതാണ്. അപേക്ഷകളുടെ പ്രാഥമിക പരിശോധനയിൽ യോഗ്യരായ ഉദ്യോഗാർഥികളെ അഭിമുഖത്തിൽ പങ്കെടുപ്പിക്കുന്നതാണ്. അഭിമുഖത്തിന്റെ രീതി, തീയതി, സമയം എന്നിവ പിന്നീട് അറിയിക്കുന്നതാണ്. അഭിമുഖത്തിന്റെ പ്രവേശനം തികച്ചും താൽക്കാലികവും അപേക്ഷകരുടെ വ്യക്തിഗത അക്കാദമിക രേഖകളുടെ പരിശോധനയ്ക്ക് വിധേയവുമായിരിക്കും.

റാങ്ക് പട്ടികയിൽ ഉൾപെടുത്താൻ പരിഗണിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ വ്യക്തിഗത വിദ്യാഭ്യാസ രേഖകളുടെ അസ്സൽ / ശരി പകർപ്പുകൾ എന്നിവ നിർദ്ദേശാനുസരണം സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. മേൽപ്പറഞ്ഞ തീയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്. ടി തസ്തികയിലേക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ, സേവന വ്യവസ്ഥകൾ സംബന്ധിച്ച്, സർവകലാശാലയുമായി ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്. മേൽ സൂചന വിജ്ഞാപന പ്രകാരം അപേക്ഷ നൽകിയിട്ടുള്ള ഉദ്യോഗാർത്ഥികൾ, ആദ്യ അപേക്ഷയിൽ സൂചിപ്പിച്ചിട്ടില്ലാത്തതും, എന്നാൽ ടി പുനർവിജ്ഞാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതുമായ യോഗ്യതകൾ ഉള്ള പക്ഷം, ആയതുകൂടി ഉൾപ്പെടുത്തി അപേക്ഷ പുനർസമർപ്പിക്കേണ്ടതാണ്.

ഡോ.പ്രകാശ് കുമാർ .ബി
രജിസ്ട്രാർ

Draft #21 of File 130900/AD A7-3/2021/REG SECT (PART-I) Approved by Registrar on 02-Sep-2023 08:41 PM - Page 2

മഹാത്മാഗാന്ധി സർവകലാശാല, കേരളം

Draft #21 of File 130900/AD A7-3/2021/REG SECT (PART-I) Approved by Registrar on 02-Sep-2023 08:41 PM - Page 3

# MAHATMA GANDHI UNIVERSITY

PROFORMA FOR APPLICATION FOR THE POST OF DEPUTY DIRECTOR (e-Learning and Technical), COE-ON CONTRACT

| | | |
|---|---|---|
| Name | | |
| Address | | |
| Phone Number | | |
| Email ID | | |
| Religion & Community | | |
| Age & Date of birth | | |
| **Qualifications** | **Details** | |
| | University/Instituition | % of mark |
| PG in any subject | | |
| NET/Ph.D | | |
| Teaching Experience, Journals & Publications. | | |
| Experience in technical coordination for module development and Learning Management System (LMS). | | |
| Other qualifications | | |

Any other relevant information (use additional sheet if required)

**DECLARATION**

I hereby declare that all the information given above is true to the best of my knowledge and belief and I possess all the original documents to prove the claims.

Place: Signature:

Date: Name: